CHANDRIKA

Ayurveda entices elderly Germans

Date: **15-03-2012** | Edition: **All Kerala** | Page No: **4** | Clip size (cm) - W: **11** H: **11.5**

ജർമനിയിൽ ആയുർവേദത്തിന് പ്രിയമേറുന്നു

തിരുവനന്തപുരം: യൂറോപ്പിൽ ഏറ്റവും പ്രായാധിക്യഭീഷണി നേരിടുന്ന ജർമനിയിൽ കേരളത്തിന്റെ സ്വന്തം ആയുർവേദത്തോട് പ്രിയമേറുന്നു. പ്രായത്തോട് പടവെട്ടാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം ആയുർവേദമാണെന്ന് ജർമൻ സമൂഹത്തിലെ ചില പ്രവണതകൾ സൂചിപ്പിക്കുന്നു. ജീവിതത്തിലെ പിരിമുറുക്കങ്ങളും നാഗരിക ജീവിതശൈലിയുടെ സമ്മർദങ്ങളും ചെറുക്കാൻ ആയുർവേദത്തെ ആശ്രയിക്കണമെന്ന് ഇതോടനുബന്ധിച്ച് കേരള ടൂറിസം വകുപ്പ് ജർമനിയിൽ സംഘടിപ്പിച്ച ആയുർവേദ ശില്പശാലയിൽ അഭിപ്രായമുയർന്നു.

കഴിഞ്ഞയാഴ്ച മ്യൂണിച്ചിൽ നടത്തിയ 'ആയുർവേദം:ജീവിതശൈലിയോ ഔഷധമോ' എന്ന ശിൽപശാലയിൽ വനിതകൾക്കുവേണ്ടിയുള്ള തടക്കം പ്രമുഖ മാധ്യമങ്ങളുടെ പ്രതിനിധികളും ടൂർ ഓപ്പറേറ്റർമാരും ഹെൽത്ത്, ഫിറ്റ്നസ് ക്ലബുകളുടെ പ്രതിനിധികളും പങ്കെടുത്തു. ജർമനിയിൽ ആയുർവേദത്തോടു വർധിച്ചുവരുന്ന താൽപര്യം കണക്കിലെടുത്താണ് അവിടെ ആയുർവേദം അവതരിപ്പിക്കാൻ തീരുമാനിച്ചതെന്ന് ടൂറിസം വകുപ്പ് മന്ത്രി എ.പി.അനിൽകുമാർ പറഞ്ഞു.

ആയുർവേദ ചികിത്സക്ക് മാത്രമായി കേരളത്തിലെത്തുന്നവരുടെ എണ്ണവും വർധിക്കുന്നുണ്ട്. പിരിമുറുക്കങ്ങൾ ഒഴിവാക്കാനായി ആയുർവേദത്തെ ആശ്രയിക്കുന്നവർക്കു പുറമെ നല്ലൊരു വിഭാഗം തങ്ങളെ ബാധിച്ചിട്ടുള്ള ദീർഘകാലരോഗങ്ങൾക്കു ശമനം തേടിയെത്തുന്നവരാണ്. കടുത്ത നടുവേദന ഒഴിവാക്കാൻ പ്രമുഖ ഹോളിവുഡ് സംവിധായകൻ ബർണാഡോ ബർട്ടലൂച്ചിയും അടുത്ത കാലത്ത് കേരളത്തിലെത്തിയിരുന്നു. ജർമനിയിൽ 50 വയസു കഴിഞ്ഞവരുടെ എണ്ണം 3.3 കോടിയിലേറെയാണ്. യൂറോപ്പിൽ പ്രായാധിക്യമുള്ളവരുടെ ഏറ്റവും വലിയ ജനസംഖ്യയാണ് ജർമനിയിലുള്ളത്. യൂറോപ്പുതന്നെ ലോകത്തിൽ പ്രായമായവർ ഏറെയുള്ള ഏറ്റവും വലിയ വികസിത പ്രദേശമാണ്. ജനന-മരണ നിരക്കുകളിലുണ്ടായ ഏറ്റവും വലിയ ഇടിവാണ് ഈ സ്ഥിതിയിലേക്ക് നയിച്ചത്. കേരളത്തിൽ ആയുർവേദ ചികിത്സക്കെത്തുന്ന വിദേശികളിൽ ഏറ്റവും കൂടുതൽ പേർ ജർമനിയിൽനിന്നാണെന്ന് ടൂറിസം ഡയരക്ടർ റാണി ജോർജ് ചൂണ്ടിക്കാട്ടി. ആയുർവേദം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ടൂറിസം അടുത്ത മാസം ജർമനിയിൽ രണ്ടു പ്രധാന രാജ്യാന്തര വെൽനസ് മേളകളിൽ പങ്കെടുക്കും. ടൂറിസ്റ്റുകളിൽ കേരളത്തിന്റെ സന്ദേശം എത്തിക്കുന്നതിനായി ഓൺലൈൻ ഷോപ്പുകളുമായി സഹകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

മ്യൂനിച്ച് സേവാ അക്കാദമിയിൽ നടത്തിയ ശിൽപശാലയിൽ ആയുർവേദത്തിലെ ശരീരസേവകൾ, പാചകം, എണ്ണയുൾപെടെയുള്ള ഔഷധങ്ങൾ എന്നിവയെക്കുറിച്ചും പ്രദർശന പ്രകടനങ്ങൾ നടന്നു. യൂറോപ്യൻ ആയുർവേദ അക്കാദമി സി.ഇ.ഒ. മാർക്ക് റോസൻബർഗ്, ആയുർവേദ ഡോക്ടറും സ്പോർട്സ് മെഡിസിൻ വിദഗ്ധനുമായ ഡോ.ഡെറ്റ്ലഫ് ഗ്രണെർട്ട്, ആയുർവേദ തെറാപിസ്റ്റും ചികിത്സാമേഖലയിലെ വിവിധ വിഭാഗങ്ങളെക്കുറിച്ചു പഠനം നടത്തുന്ന വ്യക്തിയുമായ സിൽവി പെയ്പ് തുടങ്ങിയവർക്കുപുറമെ ജർമനിയിലെ പ്രമുഖ ആയുർവേദ ഡോക്ടർമാരായ എലിൽ ജീവൻ, പ്രഭാ ബുക്കാർഡ് തുടങ്ങിയവരും പങ്കെടുത്തു.